[The Hon'ble Sri. A. J. John]

ഈ ഗവണ്മെൻറ ബാധ്യതപ്പെട്ടിരിക്കയാണ്. എന്നാൽ ഇൻഡ്യാഗവണ്മെൻറ തരാമെന്ന ഏറ്റിട്ടുള്ള തുക ഒരു കടമെന്നനിലയിൽ ഈ ഗവണ്മെൻറ കൊടുക്കേണ്ടിവരികയില്ല. അതുകൊണ്ട് ഞാൻ ഇവിടെ അവതരിപ്പിച്ച ഗ്രാൻറിനെ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സെൻട്രൽ ഗവണ്മെൻറിൽനിന്നും ഈ ടെലഫോൺ സിസ്റ്റം എന്നാണ് ഏറ്റെടുക്കാൻ പോകുന്നതു?

ബഹു. ശ്രീ. എ. ജെ. ജോൺ : ഡിസംബർ ഏപ്രിൽമാസത്തിലാണ്. അതിനുമുൻപു നാം ചെലവാക്കീട്ടുള്ള കാപ്പിറ്റൽ തുക നമുക്കു കിട്ടുന്നതല്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : അതിനുമുൻപു തിരുവിതാംകൂറിൽ പബ്ലിക്ക് കാര്യം ആഫീസ് അനുവദിക്കാൻ സാധിക്കയില്ലെ?

ബഹു. ശ്രീ. എ. ജെ. ജോൺ : ആട്ടോമാറ്റിക് ടെലിഫോണിനെ സംബന്ധിച്ചിടത്തോളം മദ്രാസിലും ബോംബെയിലും ഉള്ള നിയമം അനുസരിച്ച് ഓരോ വ്യക്തിയും ൨, ൦ ൦ ൦ രൂപവരെ കെട്ടിവയ്ക്കണമെന്നാണ് വ്യവസ്ഥയുള്ളതു്. അതിനിടയാക്കരുതെന്നുള്ള വിചാരത്തോടുകൂടിയാണ്, അതായതു പൊതുജനങ്ങളുടെ സാമ്പത്തിക കഴിവിനെക്കൂടി അടിസ്ഥാനമാക്കിയാണ്, ഈ അടിസ്ഥാനത്തിൽ തുടങ്ങിയിരിക്കുന്നതു്.

The Supplementary Demand was put to vote and passed, and the grant was made.

LEGISLATIVE BUSINESS

ശ്രീ. തരൂർ കുഞ്ഞിത്തൊമ്മൻ : എനിക്കു ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ആഗ്രഹമുണ്ട്. അതായതു് കഴിഞ്ഞ യോഗത്തിൽ ഇംഗ്ലീഷു അറിഞ്ഞുകൂടാത്തവർക്കു മലയാളത്തിലൊ തമിഴിലൊ സെലക്ട് കമ്മിറ്റി റിപ്പോർട്ട അച്ചടിച്ചു വിതരണം ചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു ഇതുവരെ നടപ്പിൽ വന്നിട്ടില്ല. അതുകൊണ്ട് അടുത്ത യോഗത്തിലെങ്കിലും ഈ കാര്യത്തെപ്പറ്റി ഒരു റൂളിംഗ് ഉണ്ടാകണമെന്നു അപേക്ഷിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടിൻറെ തർജ്ജിമ മലയാളത്തിലും തമിഴിലും അച്ചടിച്ചു വിതരണം ചെയ്തിട്ടില്ലെന്നു ഞാൻ അറിയുന്നു. ഈ പരാതിയെപ്പറ്റി വളരെ ഗൗരവമായിട്ടു ഗൗനിക്കുന്നതാണ്. അവ അച്ചടിച്ചു മെമ്പറന്മാർക്കു വിതരണം ചെയ്യാതിരുന്നതു് തെറ്റുതന്നെയാണ്. അതുകൊണ്ട് ഇനിമേൽ അങ്ങിനെ സംഭവിക്കാതിരിക്കുന്നതിനു വേണ്ടവിധം ശ്രദ്ധിക്കുന്നതായിരിക്കും.

ശ്രീ. തരൂർ കുഞ്ഞിത്തൊമ്മൻ : അച്ചടിച്ചു പകർപ്പുകൾ കിട്ടിയശേഷം റിപ്പോർട്ടിനെപ്പറ്റി ആലോചനക്കു എടുത്താൽ പോരെ?

മി. സ്പീക്കർ : സെലക്ട് കമ്മിറ്റി റിപ്പോർട്ടിനെപ്പറ്റി ഇപ്പോൾ ഒന്നും ചെയ്യാൻ പോകുന്നില്ല. ഇപ്പോൾ ബില്ലിനെപ്പറ്റിയാണ്. അതായതു് അതിൻറെ ഭേദഗതികളെക്കുറിച്ചാണ് ഇപ്പോൾ നടപടിയെടുക്കാൻ പോകുന്നതു്.

PANCHATS BILL—*(contd)*

Clause 106—*(contd.)*

Sri. K. P. Neelakanta Pillai : Sir, I have already moved my amendment yesterday. What has been specifically stated as an offence under Section 109 of the Penal Code has been made permissible by this proviso. I do not know how an offence under the Penal Code can be condoned. What is prohibited in the main Section is allowed by this proviso. I ask whether Government have power to condone a criminal offence.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ബില്ലിൽ ൯, ൧൩ ഈ വകുപ്പുകളെപ്പറ്റിയുള്ള ഭേദഗതികളെപ്പറ്റി ആർഗ്യുമെൻറ വന്നപ്പോൾ ഞാൻ അവയ്ക്കു മറുപടി പറഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങൾക്കെല്ലാം ഏക്സെംപ്ഷൻ കൊടുക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനു ഉണ്ട്. അതിനെ എടുത്തുകളയുന്നതു് വിഹിതമല്ല, ആ കാരണത്താൽ ഈ ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly